"ഭരണഭാഷ – മാതൃഭാഷ "

15 YEARS OF CELEBRATING THE MAHATMA

**കേരളസർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ–ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് – ഭാഷാമാർഗനിർദേശകവിദഗ്ധ സമിതിയെ ഒന്നാംക്ലാസ് കമ്മിറ്റിയായി പരിഗണിച്ച് മുൻകാലപ്രാബല്യം നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ – ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

ജി.ഒ.(എം.എസ്)നം.10/2023/പി&എആർഡി തിരുവനന്തപുരം, തീയതി: 22/05/2023

---

പരാമർശം:– 1) 30/10/2021 ലെ ജി.ഒ (ആർ.ടി) നം. 169/2021/പി. & എ ആർ ഡി നമ്പർ ഉത്തരവ്.

2) 07/12/2021 ലെ ജി.ഒ (ആർ.ടി) നം. 219/2021/ പി & എ ആർ ഡി നമ്പർ ഉത്തരവ്.

3) ജി.ഒ.(എം.എസ്)നം.6/2023/പി&എആർഡി തിരുവനന്തപുരം, തീയതി: 09/03/2023

**ഉത്തരവ്**

മലയാളഭാഷയിൽ ഏകീകൃത ഭാഷോപയോഗസമ്പ്രദായങ്ങൾ രൂപപ്പെടുത്തുന്നതിനും 1971–ലെ ലിപിപരിഷ്കരണ ഉത്തരവ് പുനഃപരിശോധിക്കുന്നതിനും മലയാളഭാഷയിലെ പുതിയ വാക്കുകൾ കണ്ടെത്തി അംഗീകരിക്കുന്നതിനുമായി ചീഫ്സെക്രട്ടറിയുടെ അധ്യക്ഷതയിൽ പതിമൂന്നംഗ ഭാഷാമാർഗനിർദേശകവിദഗ്ധസമിതിയെ പരാമർശിത ഉത്തരവുകൾ 1, 2 എന്നിവ പ്രകാരം രൂപവൽക്കരിച്ചിട്ടുണ്ട്. ഭാഷാമാർഗനിർദേശകവിദഗ്ധ സമിതി ഒരു ഉന്നതതലസമിതിയാണ്. ഈ സമിതിയിലെ അംഗങ്ങൾ പ്രശസ്തരായ കവികളും സാഹിത്യകാരന്മാരും മലയാളഭാഷയിലെ പ്രഗത്ഭരായ പണ്ഡിതന്മാരുമാണ്. അതിനാൽ, ഈ സമിതിയെ ഒന്നാംക്ലാസ് കമ്മിറ്റിയായി പരിഗണിച്ച് ഒന്നാംഗ്രേഡ് ഉദ്യോഗസ്ഥർക്ക് ആനുപാതികമായ നിരക്കിൽ ദിനബത്തയും യാത്രബത്തയും അനുവദിച്ചുകൊണ്ട് പരാമർശം 3 പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽ, പരാമർശം 3 ലെ ഉത്തരവിൽ പ്രസ്തുത സമിതി രൂപവൽക്കരിച്ച തീയതിമുതൽ മുൻകാലപ്രാബല്യമുള്ളതായി പരാമർശിച്ചിട്ടില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഭാഷാമാർഗനിർദേശകവിദഗ്ധസമിതി രൂപവൽക്കരിച്ച തീയതിമുതൽ പ്രസ്തുത സമിതിയെ ഒന്നാംക്ലാസ് സമിതിയായി പരിഗണിച്ച് പരാമർശം (3)–ലെ ഉത്തരവിന് മുൻകാലപ്രാബല്യം നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**സൺദേവ് എൻ.**

ഡെപ്യൂട്ടി സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
ഭാഷാമാർഗനിർദേശകവിദഗ്ധസമിതി അംഗങ്ങൾക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ–ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) (നിയമം /പൊതുഭരണം) വകുപ്പ്
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജനസമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ